പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1527 13.07.2016-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.പി.തിലോത്തമൻ, (ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രി) |

## സപ്ലൈക്കോ ജീവനക്കാരുടെ പ്രശ്നങ്ങൾ

| | | | |
|---|---|---|---|
| (എ) | സപ്ലൈക്കോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുവാൻ തീരുമാനമെടുക്കുമോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ഇതു സംബന്ധിച്ച് സർക്കാർ തീരുമാനങ്ങളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയ 230 പുതിയ സപ്ലൈക്കോ ഔട്ട് ലെറ്റുകൾക്ക് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ന്യൂനത പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | സപ്ലൈകോയിൽ ആവശ്യമായ മനുഷ്യ വിഭവ ശേഷിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | പി.എസ്.സി. വഴി നിയമിതരായ സപ്ലൈക്കോ ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷനും പെൻഷനും നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | പി.എസ്.സി. വഴി നിയമിതരായ സപ്ലൈക്കോ ജീവനക്കാർക്ക് നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി പ്രൊമോഷൻ നൽകി വരുന്നുണ്ട്. പെൻഷൻ സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (ഡി) | സപ്ലൈക്കോയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ; | (ഡി) | പരിശോധിച്ചുവരുന്നു. |
| (ഇ) | പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സപ്ലൈക്കോയിൽ എത്ര പുതിയ | (ഇ) | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ഇവയിലേക്ക് നിയമനം തുടങ്ങിയോയെന്നും വ്യക്തമാക്കാമോ; | | |
| (എഫ്) | കോമൺ സർവ്വീസ് റൂൾ സപ്ലൈക്കോയിൽ എന്നു മുതൽ നടപ്പിലാക്കുമെന്ന് വിശദമാക്കാമോ;കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി സപ്ലൈക്കോയിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എഫ്) | പരിശോധിച്ചുവരുന്നു. |
| (ജി) | സപ്ലൈക്കോയിലെ ദിവസവേതനപ്രകാരം ജോലിചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് മിനിമം കൂലി നടപ്പിൽ വരുത്തുമോ; 2016 ജൂൺ 30-ാം തീയതി വരെ സപ്ലൈക്കോയിൽ സ്ഥിരം ജീവനക്കാരുടെ ജൂനിയർ അസിസ്റ്റൻറ്, സീനിയർ അസിസ്റ്റന്റ്-II, സീനിയർ അസിസ്റ്റന്റ്-I, എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ? | (ജി) | സപ്ലൈക്കോയിലെ ദിവസവേതന പ്രകാരം ജോലിചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല. ഇവരുടെ ഇപ്പോഴത്തെ വേതനം മിനിമം കൂലിയുടെ പരിധിയിൽ വരുന്നതാണ്. 2016 ജൂൺ 30-ാം തീയതി വരെ സപ്ലൈക്കോയിൽ ജൂനിയർ അസിസ്റ്റന്റിന്റെ 11 ഉം സീനിയർ അസിസ്റ്റന്റ് II ന്റെ 1 ഉം ഒഴിവുകൾ ഉണ്ടായിരുന്നു. സീനിയർ അസിസ്റ്റന്റ്-I ന്റെ ഒഴിവുകളൊന്നും ഉണ്ടായിരുന്നില്ല. |

സെക്ഷൻ ഓഫീസർ